## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 408 25/06/2019-ൽ മറുപടിയ്ക്ക്

### പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.കെ.വി.അബ്ദുൾ ഖാദർ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി അധ്യാപകർക്ക് പരിശീലനങ്ങൾ നൽകി വരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്കായുള്ള 'കളിത്തോണി' പ്രവർത്തന കാർഡുകൾ, കളിപ്പാട്ടം പ്രവർത്തന പുസ്തകം ഇവ പുസ്തക രൂപത്തിലാക്കി വിതരണം ചെയ്യുന്നുമുണ്ട്. അതിന്റെ അധ്യാപകർക്കായുള്ള വിനിമയ സഹായിയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വരും വർഷങ്ങളിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) പ്രീ-പ്രൈമറി കുട്ടികളുടെ അടിസ്ഥാനശേഷി വികസിപ്പിക്കുന്നതിനും രക്ഷിതാക്കൾക്ക് ഇത് സംബന്ധിച്ച് ശരിയായ ബോധവത്കരണം നൽകുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (ബി) കരിക്കുലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ കൈപുസ്തകം അധ്യാപകർക്കും പ്രീ-പ്രൈമറി സ്കൂളുകളിലെ മൂന്ന് വയസ്സും നാല് വയസ്സും പ്രായമുള്ള കുട്ടികൾക്കും പ്രിന്റ് ചെയ്ത് നൽകി വരുന്നു. രക്ഷാകർതൃ ബോധവൽക്കരണത്തിന് സഹായകമായ മൊഡ്യൂൾ വികസിപ്പിച്ച് പ്രീ-സ്കൂൾ അധ്യാപകർക്ക് പരിശീലനങ്ങളിലൂടെ നൽകിയിട്ടുണ്ട്. |
| (സി) പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുന്നതിന് പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) പ്രീ-സ്കൂൾ അധ്യാപക സഹായി 'കളിപ്പാട്ടം', പ്രീ-സ്കൂൾ കുട്ടികൾക്കായുള്ള പ്രവർത്തന കാർഡുകൾ (കളിത്തോണി) എന്നിവയെ അടിസ്ഥാനമാക്കി സർക്കാർ, സർക്കാർ അംഗീകൃത പ്രീ-പ്രൈമറികളിലെ അധ്യാപർക്ക് "പ്രശിക്ഷ" എന്ന പേരിൽ പരിശീലനം നൽകുന്നു. |

| | | |
|---|---|---|
| (ഡി) | പ്രീ-പ്രൈമറി വിദ്യാലയങ്ങൾ (ഡി) ശിശുസൗഹൃദമാക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കാമോ? | 'സിസ്റ്റമാറ്റൈസിംഗ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ' എന്ന പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകി വരുന്നു. കളികളിലൂടെ വിദ്യാഭ്യാസം എന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള പുസ്തകം (കളിത്തോണി) അച്ചടിച്ച് വിതരണം പൂർത്തീകരിച്ച് വരുന്നു. |

Reena

സെക്ഷൻ ഓഫീസർ